സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾ

168 [3573] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. ചന്ദ്രൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ വിവിധ തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എസ്. ഐ. ആർ. ഡി.-യുടെ പ്രാദേശിക കേന്ദ്രം സംസ്ഥാനത്ത് എവിടെയെങ്കിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) എസ്. ജി. ആർ. വൈ. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(ഇ) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന് എന്ത് തുക ധനസഹായമായി ലഭിച്ചു;

(എഫ്) പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ 31 ഫുൾടൈം തസ്തികകളും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയും ഉൾപ്പെടെ 32 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ 26 സ്ഥിരം ജീവനക്കാരും, 3 താത്ക്കാലിക ജീവനക്കാരും, 3 ഒഴിവുകളും നിലവിലുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഡി) എസ്. ജി. ആർ. വൈ. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. അവിദഗ്ദ്ധരും ശാരീരികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുമുള്ള കൂലി തൊഴിൽ ആഗ്രഹിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ഗ്രാമീണർക്ക് അധിക തൊഴിൽ നല്കുക.

LIBRARY ARCHIVES Kerala Legislative Assembly

2. ഗ്രാമങ്ങളിലെ എല്ലാ പാവപ്പെട്ടവർക്കും (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും മുകളിലുള്ളവരും) ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുക.

3. ഈടു നില്കുന്ന തനത് സാമൂഹ്യ സാമ്പത്തിക ആസ്തികൾ ഉണ്ടാക്കുക.

4. ഗ്രാമീണ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

(ഇ) എസ്.ജി.ആർ.വൈ. പദ്ധതികളിലൂടെ ഇതുവരെ 26695.46 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(എഫ്) എസ്. ജി. ആർ. വൈ. പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യാവകാശ ദിനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

മാരാരിക്കുളം മണ്ഡലത്തിലെ ഗ്രാമവികസന പ്രവർത്തനങ്ങൾ

169 [3574] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, വി. ജെ. പൗലോസ്:

,, തമ്പാനൂർ രവി:

,, ടി. വി. ചന്ദ്രമോഹൻ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജക മണ്ഡലത്തിൽ വ്യത്യസ്തമായ രീതിയിലുള്ള ഗ്രാമവികസന പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവർത്തനത്തിന് വിദേശ ഫണ്ട് ലഭിച്ചിരുന്നോ;

(സി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദേശത്തുനിന്ന് നിയന്ത്രണമില്ലാതെ ഫണ്ട് സ്വീകരിക്കാമോ;

(ഇ) വിദേശത്തുനിന്നും മാരാരിക്കുളം വികസനത്തിന്റെ പേരിൽ കിട്ടുന്ന ഫണ്ട് മുഴുവൻ അവിടെ ചെലവഴിക്കുന്നുണ്ടോ;

(എഫ്) അക്കാര്യം ഉറപ്പുവരുത്തുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly